**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*133** **05.02.2019 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി 3 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടെണ്ണിൽ നിന്നും 12.71 ലക്ഷം മെട്രിക് ടെണ്ണിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. ഈ കാലയളവിൽ പച്ചക്കറി കൃഷി 46578 ഹെക്ടറിൽ നിന്നും 82000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. പച്ചക്കറി കൃഷി 1 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br>സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ടി പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി വഴി നൽകി വരുന്നു.<br>കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാണ്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ |

പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, പോളീഹൗസ് നിർമ്മാണം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ -കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ, എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകം ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്.

കൂടാതെ താഴെ പറയുന്നവയും പദ്ധതി ഘടകങ്ങളാണ്.

1. ഓണത്തിന് ഒരു മുറം പച്ചക്കറി
2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും, മാലിന്യ സംസ്കരണവും
3. ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം
4. മഴമറ
5. സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി
6. സൂക്ഷ്മ ജലസേചനം
7. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം
8. പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനവും പ്രചരണവും
   (എ) പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനം
   (ബി) ഭൗമസൂചിക രജിസ്ട്രേഷൻ
9. പോഷകത്തോട്ടങ്ങളുടെ പ്രോത്സാഹനം.
   (I) ബഹുവർഷ പച്ചക്കറി തൈകളുടെ വിതരണം
   (II) ബഹുവർഷ പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി
10. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ മറ്റു തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്ന പദ്ധതി
11. മിനി പോളീഹൗസ്
12. ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ

(സീറോ എനർജി കൂൾ ചേമ്പർ)

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
14. കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം
15. നഴ്സറി
16. സൂപ്പർ ക്ലസ്റ്റർ
17. ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം

പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം, പൊതുമേഖലയിൽ പച്ചക്കറി വിത്തുല്പാദനത്തിന് ധനസഹായം എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

ബി) സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറി തൈകൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് തല നഴ്സറികൾ, എ ഗ്രേഡ് ക്ലസ്റ്റർ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവിടങ്ങളിൽ പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, എന്നിവിടങ്ങളിൽ നഴ്സറികൾ സ്ഥാപിച്ചു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. യുടെ മോഡൽ ഹൈടെക് പ്ലഗ് സീഡ് ലിംങ്ങ് പ്രൊഡക്ഷൻ യൂണിറ്റ്, നടുക്കര, മൂവാറ്റുപുഴ, ആലത്തൂരുള്ള വിത്ത് സംസ്കരണ ശാല, എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ വഴിയും പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

സി) കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ന്യായമായ വില നൽകി സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

സി) ഉത്പന്നങ്ങളുടെ വിപണനത്തിനായി പച്ചക്കറി വികസന പദ്ധതി അനുസരിച്ച് കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകളും 240 ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഓണം, വിഷു എന്നീ ഉത്സവ

സീസണുകളിൽ പൊതു വിപണിയിലെ വിലയേക്കാൾ 10 മുതൽ 20% വരെ കൂട്ടി ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽ നിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്ന വിധം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്തവ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനവും ഉണ്ട്.

കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ന്യായമായ വില നൽകി സംഭരിക്കുന്നതിന് സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും ഹരിപ്പാട്, ചടയമംഗലം എന്നിവിടങ്ങളിൽ ഉപസംഭരണകേന്ദ്രങ്ങളും ഉൾപ്പെടെ 15 സംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഈ കേന്ദ്രങ്ങൾ വഴി പച്ചക്കറികൾ സംഭരിച്ചു വരുന്നു. കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ. കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നത്.

| | |
|---|---|
| ഡി) പച്ചക്കറികളുടെ ഉല്പാദനത്തിനനുസരിച്ച് കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) ഇല്ല. |

Mayap

**സെക്ഷൻ ഓഫീസർ**